# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ജൂലൈ 30 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## ഈപോസ് മെഷീനുകളെത്തി
## ഇനി വില്ലേജ് ഓഫീസുകൾ സ്മാർട്ട് ഓഫീസുകൾ

ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായി ജില്ലയിലെ മുഴുവൻ വില്ലേജ് ഓഫീസുകളിലും ഇനി ഈപോസ് മെഷിനിലൂടെ പണമിടപാട് നടത്താം. ഡെബിറ്റ് കാർഡ്, ക്രെഡിറ്റ് കാർഡ്, യൂ പി എ ആപ്പുകൾ മുഘേന ഒരു രൂപ മുതലുള്ള പണമിടപാടുകൾ ഈപോസ് മെഷീനുകളിലൂടെ സ്വീകരിക്കും . പണമിടപാടുകൾ എളുപ്പത്തിൽ നടത്താനും, ചില്ലറക്ഷാമം പരിഹരിക്കുന്നതിനും കള്ളനോട്ടുകളുടെ വ്യാപനം തടയുന്നതിനും ഇതിലൂടെ സാധിക്കും. വില്ലേജോഫീസുകൾ ഡിജിറ്റൽ ആകുന്നതോടെ ഭൂനികുതി ഉൾപ്പെടെയുള്ള എല്ലാ പണ ക്രയവിക്രയങ്ങളും അതാതു ദിവസം തന്നെ സർക്കാരിലേക്കെത്തും. പണം നഷ്ടപ്പെടാനും ഇടപാട് വൈകുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും വില്ലേജിലെ ജീവനക്കാർ കൂടുതൽ സമയം ഓഫീസ് സേവന ത്തിനും മെഷീൻ ഉപകരിക്കും. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ വില്ലേജുകളുള്ള തൃശൂരിലെ 255 വില്ലേജുകളിലും ഓഗസ്റ്റ് ഒന്ന് മുതൽ ഈപോസ് മെഷിൻ പ്രയോഗത്തിൽ വരും.സംസ്ഥാന സർക്കാർ ഫെഡറൽ ബാങ്കുമായി ചേർന്നാണ് ഇ പേയ്മെന്റ് പദ്ധതി നടപ്പിലാക്കുന്നത്. ഫൈൻ ലാബുകളാണ് മെഷീൻ നിർമ്മാനത്തിന് നേതൃത്വം നൽകിയത്. റവന്യൂ വകുപ്പ് സംഘടിപ്പിച്ച മെഷിൻ വിതരണ പരിശീലന പരിപാടി ജില്ലാ കളക്ടർ ഷാനവാസ് ഉദ്ഘാടനം ചെയ്തു. മെഷിന്റെ ആദ്യവിതരണം കിഴക്കേ ചാലക്കുടി വില്ലേജ് ഓഫീസിനു നൽകി കളക്ടർ നിർവഹിച്ചു. അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് റെജി പി ജോസഫ് അധ്യക്ഷത വഹിച്ചു. ജില്ലാ ഇൻഫോർമാറ്റിക്സ് ഓഫീസർ കെ സുരേഷ് കുമാർ പരിശീലന ക്ലാസിനു നേതൃത്വം നൽകി.

## കോൾപ്പടവ് പ്രതിനിധി
## യോഗം ആഗസ്റ്റ് 9 ന്

തൃശൂർ ജില്ലയിലെ 2019-2020 വർഷത്തിലെ കോൾകൃഷി നടത്തിപ്പുമായി ബന്ധപ്പെട്ട കോൾപ്പടവ് പ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും വാർഷിക പൊതുയോഗം ആഗസ്റ്റ് ഒൻപത് രാവിലെ പത്തിന് തൃശൂർ ടൗൺ ഹാളിൽ കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽകുമാർ ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ എസ് ഷാനവാസ് അദ്ധ്യക്ഷത വഹിക്കും.

## ഹെൽപ്പ് ഡസ്ക് സേവനം
## കോടതികളിൽ ലഭിക്കും

വാഹനാപകട നഷ്ടപരിഹാരട്രിബ്യൂണുകളിൽ പ്രീ-ലിറ്റിഗേഷൻ മീഡിയേഷൻ ഹെൽപ്പ് ഡസക് ക്ലിനിക്കുകൾ ആരംഭിക്കുന്നു. കോടതികളിൽ വ്യവഹാരം ബോധിപ്പിക്കുന്നതിനു മുൻപേ തന്നെ എതികർക്ഷികളുമായി മദ്ധ്യസ്ഥ ചർച്ച നടത്തി തീർപ്പാക്കുന്നതിനുള്ള സംവിധാനാണ് പ്രീ-ലിറ്റിഗേഷൻ മീഡിയേഷൻ. വിശദവിവരങ്ങൾ അതാതു കോടതികളിലെ ഹെൽപ്പ് ഡസക് ക്ലിനിക്കുകളിൽ ലഭിക്കും. കൂടുതൽ വിവരങ്ങൾ ജില്ലാ മീഡിയേഷൻ സെന്റുമായി ബന്ധപ്പെടുക. ഫോൺ: 0487-2360010.

## സംഘടാകസമിതി യോഗം ചേർന്നു

തളിക്കുളം വില്ലേജ് ഓഫീസിനെ സ്മാർട്ട് ഓഫീസ് ആക്കുന്നതിന്റെ ഭാഗമായുള്ള സംഘടക സമിതി യോഗം ചേർന്നു. പ്ലാൻ ഫണ്ട് 44 ലക്ഷം രൂപ വിനിയോഗിച്ചു 1600 സ്കൊയർ ഫീറ്റിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള ഓഫീസ് കെട്ടിടം സ്മാർട്ട് വില്ലേജ് ഓഫീസായി

നിർമ്മിക്കും. പശ്ചാത്തല സൗകര്യങ്ങൾ താരതമ്യേനെ കുറവായ തളിക്കുളം വില്ലേജ് ഓഫീസ് സ്മാർട്ടാക്കുന്നതോടെ പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാകും. ആഗസ്റ്റ് പകുതിയോടെ സ്മാർട്ട് വില്ലേജിന്റെ തറകല്ലിടൽ കൃഷി വകുപ്പ് മന്ത്രി വി എസ് സുനിൽകുമാർ നിർവഹിക്കും. സ്വാഗതസംഘം യോഗം ഗീത ഗോപി എംഎൽഎ ഉദ്ഘാടനം ചെയ്തു. തളിക്കുളം ഗ്രാമപഞ്ചായത്തു പ്രസിഡന്റ് പി ഐ സജിത അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്ഡോ. സുഭാഷിണി മഹാദേവൻ മുഖ്യാതിഥിയായി. പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം കെ ബാബു, ബ്ലോക്ക് പഞ്ചായത്തു വൈസ് പ്രസിഡന്റ് സി പി ശശികുമാർ, ബ്ലോക്ക് മെമ്പർ കെ ബി വാസന്തി, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ കെ രജനി, ഇ പി കെ സുഭാഷിതൻ, പഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## ഉദ്യോഗസ്ഥർ പങ്കെടുക്കണം

തദ്ദേശസ്വയഭരണ സ്ഥാപനങ്ങളുടെ 2019-20 വാർഷിക പദ്ധതി നിർവ്വഹണത്തിലെ കാര്യ ക്ഷമത ഉറപ്പാക്കാൻ ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ അവലോകന യോഗം ജില്ല യിലെ വിവിധ കേന്ദ്രങ്ങളിൽ ആഗസ്റ്റ് ഒന്നു മുതൽ മൂന്ന് വരെയുള്ള തീയതികളിൽ നടക്കും. പ്രസ്തുത യോഗങ്ങളിൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ പങ്കെടുക്കണമെന്ന് ജില്ലാ പ്ലാനിങ് ഓഫീസർ അറിയിച്ചു.

## ബ്ലൂ ആർമി
## ജില്ലാതല ഉദ്ഘാടനം 6 ന്

ജലരക്ഷ ജീവരക്ഷ പദ്ധതിയിൽ ഉൾപ്പെട്ട ബ്ലൂ ആർമി പദ്ധതിയുടെ ജില്ലാതല പ്രവർത്ത നോദ്ഘാടനം ആഗസ്റ്റ് 6 രാവിലെ 9 ന് കണ്ടശ്ശാംകടവ് ജോസഫ് മുണ്ടശ്ശേരി സ്കൂളിൽ നടക്കും. മന്ത്രിമാർ, എംപിമാർ, എംഎൽഎമാർ എന്നിവർ പങ്കെടുക്കും. പൊതുജല സ്രോതസ്സുകളുടെ സംര ക്ഷണത്തിലൂടെ ഭൂഗർഭ ജലവിതാനം ഉയർത്തി കുടിവെള്ളത്തിന്റെയും കാർഷികാവശ്യത്തിനുളള ജലത്തിന്റെയും ലഭ്യത ഉറപ്പു വരുത്തുക, പുതിയൊരു ജലസംരക്ഷണ വിനിയോഗ സംസ്കാരവും ജലസാക്ഷരതയും വളർത്തിയെടുക്കുക, പരിസ്ഥിതി സംരക്ഷണത്തിലൂടെ വരൾച്ച, വെള്ളപ്പൊ ക്കം, ആഗോളതാപനം എന്നിവ കുറയ്ക്കുക, ജലസുരക്ഷ ഭാവി തലമുറകൾക്ക് ഉറപ്പാക്കുക തുട ങ്ങിയ ലക്ഷ്യങ്ങളാണ് പദ്ധതിക്ക് മുഖ്യമായും ഉള്ളത്. ജില്ലയിലെ മുഴുവൻ വിദ്യാർത്ഥി സമൂഹ ത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക എന്നതാണ് 'ബ്ലൂ ആർമി' എന്ന ജലക്ലബ് ലക്ഷ്യമിടുന്നത്.

## ഹെൽപ്പർ നിയമനം

ചാലക്കുടി ഐസിഡിഎസ് പ്രൊജക്ടിന്റെ കീഴിൽ അങ്കണവാടി ഹെൽപ്പർ തസ്തികളിൽ നിയമനം നടത്തുന്നു. പ്രായം 2019 ജനുവരി ഒന്നിന് 18 നും 46 നും മദ്ധ്യേ. എഴുത്തു വായനയും അറിയുന്ന കാടുകുറ്റി പഞ്ചായത്തിൽ സ്ഥിര താമസമുള്ള വനിതകൾക്ക് അപേക്ഷിക്കാം. അപേ ക്ഷാഫോറത്തിന്റെ മാതൃക ചാലക്കുടി ഐസിഡിഎസ് പ്രൊജക്ട് ഓഫീസ്, കൊരട്ടി/കാടുകുറ്റി എന്നീ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ലഭ്യമാണ്. പൂരിപ്പിച്ച അപേക്ഷ പ്രായം, ജാതി, യോഗ്യത, സ്ഥിരതാമസം, മുൻപരിചയം എന്നിവ തെളിയിക്കുന്ന സാക്ഷ്യപത്രങ്ങളുടെ പകർപ്പ് സഹിതം ചാലക്കുടി ഐസിഡിഎസ് പ്രൊജക്ട് ഓഫീസിൽ ആഗസ്റ്റ് 16 നകം നൽകണം. ഫോൺ: 0480-2706044.

## പുനർലേലം

കുന്നംകുളം താലൂക്ക് ആശുപത്രി കോമ്പൗണ്ടിലെ മരങ്ങൾ വിലയ്ക്കെടുത്ത് നീക്കം ചെയ്യുന്നതിനുള്ള പുനർലേലം ആഗസ്റ്റ് 7 രാവിലെ 11.30 ന് ആശുപത്രി പരിസരത്ത് നടക്കും. ഫോൺ: 04885-222235.

## താലൂക്ക് വികസന സമിതി 3 ന്

മുകുന്ദപുരം താലൂക്ക് വികസന സമിതി യോഗം ആഗസ്റ്റ് 3 രാവിലെ 10.30 ന് താലൂക്ക് മുകുന്ദപുരം കോൺഫറൻസ് ഹാളിൽ ചേരും.

## വിവാഹപൂർവ്വ കൗൺസിലിങ്

# ക്യാമ്പുകൾ തുടങ്ങാൻ അപേക്ഷിക്കാം

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ കീഴിൽ തൃശൂർ ജില്ലയിൽ ഈ വർഷത്തെ പ്രീമാരിറ്റൽ കൗൺസിലിങ് പ്രോഗ്രാം നടത്തുവാൻ താൽപര്യമുള്ള കോളേജുകൾ, എൻജിഒകൾ, മഹല്ല് കമ്മിറ്റികൾ, യത്തീംഖാനകൾ തുടങ്ങിയ സ്ഥാപനങ്ങൽ ആഗസ്റ്റ് 5 നകം കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ് ബിൽഡിംഗിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ പരിശീലന കേന്ദ്രത്തിൽ നേരിട്ടോ ഫോൺ മുഖേനയോ പേര് രജിസ്റ്റർ ചെയ്യണം. ഫോൺ: 0480-2804859, 9400976839, 9847363617.

# ടെണ്ടർ

ചാവക്കാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ എസ്ടിപി പ്ലാന്റിലേക്ക് 2019 ആഗസ്റ്റ് 16 മുതൽ 2020 ജൂലൈ 31 എഎംസി എടുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 15 രാവിലെ 11.45. ഫോൺ: 0487-2507310.

# വാട്ടർ കണക്ഷൻ മേള സംഘടിപ്പിച്ചു

കുടിവെള്ള കണക്ഷൻ നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി കാറളം ഗ്രാമപഞ്ചായത്തും കേരള വാട്ടർ അതോറിറ്റിയും സംയുക്തമായി വാട്ടർ കണക്ഷൻ മേള സംഘടിപ്പിച്ചു. പ്രൊഫ. കെ. യു. അരുണൻ മാസ്റ്റർ എംഎൽഎ മേള ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് ഷീജ സന്തോഷ് അധ്യക്ഷത വഹിച്ചു. പുതിയ കണക്ഷൻ ലഭിക്കുന്നതിനും മുൻപ് നൽകിയ അപേക്ഷയിൽ തീർപ്പ് കൽപ്പിക്കുന്നതിനുമായി 94 അപേക്ഷകൾ ലഭിച്ചു. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ടി. പ്രസാദ് ആശംസ നേർന്നു. വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അച്ചാമ്മ ഇ അലക്സ് സ്വാഗതവും പഞ്ചായത്ത് സെക്രട്ടറി പി. ബി. സുഭാഷ് നന്ദിയും പറഞ്ഞു.

# വായനാനുഭൂതിയുടെ നവലോകങ്ങൾ പകർന്ന് അക്ഷരയാത്ര പ്രയാണം തുടരുന്നു

അക്ഷരങ്ങളുടെയും അറിവിന്റെയും അനുഭൂതിയുടെയും നവലോകം കുട്ടികൾക്ക് മുൻപിൽ തുറന്നിട്ട് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അക്ഷരയാത്ര. വായനയിലൂടെ മാത്രമേ മനുഷ്യസമൂഹത്തിന് സംസ്കാരസമ്പന്നരായ ജനതയായി വികസിക്കാൻ കഴിയുവെന്ന് പ്രഖ്യാപനമായിരുന്നു അക്ഷരയാത്രയുടെ ഭാഗമായി നടന്ന വായനമത്സരത്തിലും കവിതാലപന മത്സരത്തിലും കണ്ടത്. അറിവന്റെ ആഹ്ലാദതലങ്ങളെയും വായാനുഭൂതിയുടെ മാനങ്ങളേയും കുട്ടികൾക്ക് അനുഭവവേദ്യമാക്കുകയായിരുന്നു ജില്ലയിലെ സ്കൂളുകളിൽ പര്യടനം തുടരുന്ന അക്ഷരയാത്ര.

കുന്നംകുളം ബഥനി സെന്റ് ജോൺസ് ഇംഗ്ലീഷ് ഹയർ സെക്കണ്ടറി സ്കൂളിൽ എഴുത്തുകാരൻ കെ ഉണ്ണകൃഷ്ണൻ അക്ഷരയാത്ര ഉദ്ഘാടനം ചെയ്തു. വാക്കുകൾക്ക് പിന്നിലെ കഥകളറിഞ്ഞ് കുട്ടികൾ വളരണമെന്ന് അദ്ദേഹം പറഞ്ഞു. മാതൃഭാഷയുടെ വികസനത്തിന് വാക്കുകളുടെ വൈപുല്യം അത്യാവശ്യമാണെന്നും വാക്കുകളുടെ അർത്ഥമറിയുകയാണ് പുതുതലമുറയുടെ കടമയെന്നും അദ്ദേഹം സൂചിപ്പിച്ചു. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. കുട്ടികൾക്കായി 215 പുസ്തകങ്ങളാണ് അക്ഷരയാത്ര സ്കൂളിലെത്തിച്ചത്. ഷാജു പുതൂർ, പ്രിൻസിപ്പൽ ഫാ. പത്രോസ് ഒഐസി, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ സി ജി ഉല്ലാസ് എന്നിവർ സംസാരിച്ചു.

പാറമേക്കാവ് വിദ്യാമന്ദിരിൽ ഡോ. കെ ജി വിശ്വനാഥൻ അക്ഷരയാത്ര ഉദ്ഘാടനം ചെയ്തു. ഒറ്റപ്പെടലിന്റെ വേവിലാതികൾക്കുള്ള ഒറ്റമൂലിയാണ് വായനയെന്നും അറിവിന്റെ ആഹ്ലാദമാണ് വായന ബാക്കിയാകുന്നതെന്നും അദ്ദേഹം പറഞ്ഞു. സി ആർ ദാസ് അദ്ധ്യക്ഷത വഹിച്ചു. പ്രിൻസിപ്പാൾ രമ രഘുനാഥ്, ഡയറക്ടർ ഓഫ് സ്കൂൾ എഡ്യൂക്കേഷൻ കല്യാണി ബാലകൃഷ്ണൻ, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ലൈബ്രേറിയൻ ഉല്ലാസ് സി ജി എന്നിവർ സംസാരിച്ചു. വായന, കവിതാലാപന മത്സര വിജയികൾക്കുള്ള സമ്മാനദാനവും ചടങ്ങുകളിൽ നടന്നു. അമ്പത് ശതമാനം വിലക്കിഴിവിൽ 215 പുസ്തകങ്ങൾ കുട്ടികൾക്ക് ലഭ്യമാക്കുകയെന്നതും അക്ഷരയാത്ര ലക്ഷ്യമിടുന്നു. മുസിരിസ് പൈതൃകപദ്ധയിൽ ഉൾപ്പെടുത്തി പ്രസിദ്ധീകരിച്ച ജീവചരിത്രപുസ്തകങ്ങൾ, ബാലസാഹിത്യം കഥകൾ, കവിതകൾ തുടങ്ങിയവയും മേളയിൽ ലഭ്യമാണ്. ആഗസ്റ്റ് ഒന്നിന് പൂച്ചട്ടി ഭാരതീയ വിദ്യാഭവൻ വിദ്യാമന്ദിറിലെ അക്ഷരയാത്ര ബാലസാഹിത്യകാരൻ സി ആർ ദാസ് ഉദ്ഘാടനം ചെയ്യും.

# പിഎസ്സി ഫെസിലിറ്റേഷൻ സെന്റർ ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് ഒന്നിന്

നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെട്ട എംപ്ലോയ്മെന്റ് എക്സചേഞ്ചുകളിൽ പിഎസ്സി ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നു. ഈ പുതിയ സംവിധാനത്തിന്റെ ഉദ്ഘാടനം ആഗസ്റ്റ് ഒന്ന് രാവിലെ 10.30 ന് തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ട്രെയിനിങ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് നിർവഹിക്കും. വൺടൈം രജിസ്ട്രേഷൻ, സർട്ടിഫിക്കറ്റ് അപ്ലോഡിങ്, ഹാൾ ടിക്കറ്റ് ഡൗൺലോഡിങ്, അഡ്വൈസ് സ്റ്റാറ്റസ് തുടങ്ങി പിഎസ് സി ലഭ്യമാക്കുന്ന സേവനങ്ങൾ ഉദ്യോഗാർത്ഥികൾക്ക് ലഭ്യമാക്കുകയാണ് സെന്ററിന്റെ ലക്ഷ്യം.

# അങ്കണവാടി ഉദ്ഘാടനം

മുരിയാട് ഗ്രാമപഞ്ചായത്ത് നൂറ്റിനാല്പത്തിയൊന്നാം നമ്പർ അങ്കണവാടി പ്രൊഫ. കെ. യു. അരുണൻ മാസ്റ്റർ എംഎൽഎ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സരള വിക്രമൻ അധ്യക്ഷത വഹിച്ചു. 2018-19വ ർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 11 ലക്ഷം രൂപ ചിലവഴിച്ചാണ് അങ്കണവാടി നിർമിച്ചിട്ടുള്ളത്. ജില്ലാ പഞ്ചായത്ത് മെമ്പർ ശങ്കരനാരായണൻ, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് നളിനി ബാലകൃഷ്ണൻ, പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ അജിത രാജൻ, ഗംഗാദേവി സുനിൽ, വാർഡ് ജന പ്രതിനിധി കളായ ശാന്ത മോഹൻദാസ്, വൃന്ദകുമാരി, ജസ്റ്റിൻ ജോർജ്, ജോൺസൻ, സെക്രട്ടറി പ്രജീഷ് എന്നിവർ ആശംസ നേർന്നു. പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശാലിനി പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. വാർഡ് പ്രതിനിധി ശാന്ത മോഹൻദാസ് സ്വാഗതവും സംഘാടക സമിതി കൺവീനർ കെ ജി മോഹൻദാസ് നന്ദിയും പറഞ്ഞു.

# ക്വട്ടേഷൻ

തൃശൂർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡി ഇൻ എഡ്യുക്കേഷനിൽ 2019-20 പ്ലാൻ ഫണ്ടിൽ നിന്നും കായികോപകരണങ്ങൾ വാങ്ങുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 12 ഉച്ചയ്ക്ക് രണ്ടു മണി. ഫോൺ: 0487-2331185.

# കാണാനില്ല (മോഹനൻ)

ഗുരുവായൂർ ചാമുണ്ഡേശ്വരി അമ്പലത്തിന് സമീപം മനയിൽ വീട്ടിൽ മോഹനൻ (68) എന്നയാളെ 2017 ഒക്ടോബർ 26 മുതൽ കാണാതായി. ഇരുനിറം, അഞ്ചരയടി ഉയരം. കാണാതകുമ്പോൾ നീല കളർ ഷർട്ടും കാപ്പികളർ ലുങ്കിയുമായിരുന്ന വേഷം. കണ്ട് കിട്ടുന്നവർ ഗുരുവായൂർ ടെമ്പിൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുക. ഫോൺ: 0487-2556362.

# കാണാനില്ല (മധുസൂദനൻ)

ഗുരുവായൂർ ദേവസ്വം ക്വാർട്ടേഴ്സ് റൂം നമ്പർ ബി/11-ൽ കഴിയുന്ന മധുസൂദനൻ (54) 2017 നവംബർ 9 മുതൽ കാണാതായി. ഇരുനിറം, അഞ്ചടി ഉയരം. തടിച്ച പ്രകൃതി. കാണാതാവുമ്പോൾ കറുപ്പും വെള്ളയും നിറത്തിലുള്ള ഷർട്ടും വെള്ള മുണ്ടുമാണ് വേഷം. കണ്ടുകിട്ടുന്നവർ ടെമ്പിൾ പോലീസ് സ്റ്റേഷനിൽ അറിയിക്കുക. ഫോൺ: 0487-2556362.